**ഏറ്റവും മികച്ച രീതിയിൽ രാഷ്ട്രീയ ചർച്ചകൾ നടക്കുന്നത്
സോഷ്യൽ നെറ്റ് വർക്കുകളിലെന്നു വെപ്പ്. അതിലല്പം ശരിയില്ലാതില്ല. അതേസമയം
ആധുനികതയോട് ഏറ്റവും നിഷേധാത്മകമായ സമീപനം സ്വീകരിക്കുന്നവരും ധാരാളമുള്ളത് ഇവിടെതന്നെ.
ഒരുദാഹരണമിതാ... സ്വാതന്ത്ര്യപ്രഖ്യാപനത്തിനായി കൊൽക്കത്തയിൽ സ്ത്രീകൾ നടത്തിയ
സ്ലട്ട്‌വാക്കിന്റെ ഈ ചിത്രവും അതുമായി ബന്ധപ്പെട്ട ചർച്ചകളും...**




# സൈബർ മലയാളിയുടെ സദാചാരം

സ്ത്രീസ്വാതന്ത്ര്യം പ്രഖ്യാപിക്കാൻ കൊൽക്കത്തയിൽ അമേരിക്കൻ മോഡൽ സ്ലട്ട്‌വാക്ക്... നന്നായി... വഴിനീളെ അൽപ്പവസ്ത്രധാരിണികളായ നൂറുകണക്കിന് തരുണീമണികളെ വേശ്യാവേഷത്തിൽ കണ്ട് ജനം സംതൃപ്തരായി.... ഈ നടത്തത്തിലൂടെ ഉയർത്തിപ്പിടിക്കുന്നത് സ്ത്രീപക്ഷ സ്വാതന്ത്ര്യവും പരമ്പരാഗത ധാരണകളെ ചോദ്യം ചെയ്യലുമാണത്രെ ലക്ഷ്യം... അല്ല ഒന്നു ചോദിച്ചോട്ടേ.... സ്ത്രീസ്വാതന്ത്ര്യം ഉയർത്തിപ്പിടിക്കാൻ ഇതാണോ മാർഗം... ഫ്രീ സെക്സും അഴിഞ്ഞാടലുമാണോ ഫെമിനിസം കൊണ്ടുദ്ദേശിക്കുന്നത്? ഇതു വെറും പാശ്ചാത്യവത്കരണം മാത്രമാണ്. കുത്തക കമ്പനികളുടെ ആഗോളവത്കരണ തിട്ടൂരത്തെ പ്രോത്സാഹിപ്പിക്കൽ മാത്രം... ആധുനികകമ്പോളവത്കരണത്തിനിരകളാണ് തങ്ങളെന്ന് ഈ കോപ്രായങ്ങൾക്കിടയിലും ഇവറ്റകൾ അറിയുന്നില്ല... ഇതല്ല യഥാർത്ഥ വിപ്ലവം...

***

സ്ത്രീ സ്വാതന്ത്ര്യം എന്നാൽ ഇങ്ങനെ എന്തും ചെയ്യാനുള്ള സ്വാതന്ത്ര്യമെന്നാണ് നിർഭാഗ്യവശാൽ ചില ഫെമിനിസ്റ്റ് സംഘടനകൾ ധരിക്കുന്നതും പ്രചരിപ്പിക്കുന്നന്നതും. ഇവരുടെ പേക്കൂത്തുകൾക്കിടയിൽ യഥാർത്ഥ സ്ത്രീ സ്വാതന്ത്രം എന്തെന്നു പോലും തിരിച്ചറിയാൻ ഭൂരിപക്ഷ സ്ത്രീ സമൂഹത്തിനാകുന്നില്ല. തൊഴിലിടങ്ങളിൽ, പൊതുഇടങ്ങളിൽ, രാഷ്ട്രീയ ഇടങ്ങളിൽ ഇന്നും സ്ത്രീകൾ ചൂഷണം ചെയ്യപ്പെടുന്നെന്നതാണ് യാഥാർത്ഥ്യം. വനിതാ ജേർണലിസ്റ്റുകളെ എടുക്കാൻ മടിക്കുന്ന പത്രസ്ഥാപനങ്ങൾപോലും ഉണ്ടെന്നു കേൾക്കുമ്പോഴോ?

ഒരാൾ ഏതു വേഷത്തിൽ നടക്കണമെന്നു തീരുമാനിക്കേണ്ടത് അയാളാണ് / അവളാണ്........ എന്തിനീ അസഹിഷ്ണുത...

****

ഏതൊരു സമൂഹത്തേയും രാജ്യത്തേയും ജനവിഭാഗത്തേയും വേർതിരിച്ചുനിർത്തുന്ന പ്രകാശിതമാർന്ന അടയാളമുണ്ട്. ഇതാണ് ആ വ്യക്തിയുടെ, സമൂഹത്തിന്റെ, രാജ്യത്തിന്റെ സ്വത്വം. ഈ അടയാളപ്പെടുത്തലിലൂടെയാണ് പുറം ലോകം വ്യക്തിയെ, സമൂഹത്തെ, രാജ്യത്തെ വിലയിരുത്തുന്നതും. ഇത്തരത്തിൽ നമ്മുടെ സമൂഹത്തിന് മഹത്തായ ഒരു സ്ഥാനം കൽപ്പിച്ചുനൽകിയിരുന്നത് നമ്മുടെ ആചാര, സംസ്ക്കാര വൈവിദ്ധ്യത്താലും അതിന്റെ മൂല്യബോധത്താലുമായിരുന്നു. വൈവിദ്ധ്യത്തിലും മൂല്യബോധത്തിന്റെ കാര്യത്തിൽ ഏകമാനത പുലർത്തിയിരുന്ന ഒരു ജനവിഭാഗത്തെ തകർക്കണമെങ്കിൽ അവരുടെ ജീവിത സംസ്ക്കാര സവിശേഷതയേയും അതിന്റെ മൂല്യബോധത്തേയും ആദ്യം ഇല്ലാതാക്കണമെന്ന് തിരിച്ചറിഞ്ഞവരാണ് പാശ്ചാത്യ എൻ.ജി.ഒ കൾ വഴി നമ്മുടെ സമൂഹത്തിലെ വഴിവിട്ട ചില നീക്കങ്ങൾക്ക് എല്ലാവിധ പ്രോത്സാഹനങ്ങളും നൽകുന്നത്. പാശ്ചാത്യ രാജ്യങ്ങൾ ഇന്ത്യയിലേക്ക് നോക്കാനും ഇന്ത്യൻ ജീവിത ശൈലി പിന്തുടരാനും ആഗ്രഹിക്കുകയും അങ്ങിനെ അവരുടെ സങ്കീർണ ജീവിത പ്രശ്നങ്ങൾക്ക് പരിഹാരം കാണാൻ ശ്രമിക്കുകയും ചെയ്യുമ്പോൾ, നമ്മൾ പാശ്ചാത്യ ജീവിതരീതിയും സംസ്ക്കാരവും അന്ധമായി എടുത്തണിയാൻ വെമ്പൽകൊള്ളുകയാണെന്നത് മറ്റൊരു വൈരുദ്ധ്യം. ഇത് ചൂണ്ടികാണിക്കുന്നവനെ അസഹിഷ്ണുതയുള്ള ആളെന്ന് മുദ്രകുത്തി നിഷേധിക്കുകയല്ല വേണ്ടത്. ഇത് ധീരമായ പോസ്റ്റാണ്. കണ്ണുതുറക്കാനുള്ള പ്രേരണയാണ്.

****

നീ എന്നാ സന്യസിക്കാൻ തുടങ്ങിയേ? ഹിഹിഹിഹിഹി... ധീരമായ പോസ്റ്റ് പോലും... ചിരിച്ചുചിരിച്ചു ചത്തു... എടാ.. നീയിത് എഴുതുമ്പോൾ ഇട്ടിരുന്ന ജീൻസ് പോലും അമേരിക്കൻ കൗബോയ് സംസ്കാരമാണ്...അത് ആദ്യം അഴിച്ചുകള...ഹിഹിഹി...പാശ്ചാത്യർ വ്യക്തി സ്വാതന്ത്ര്യത്തെ പൂർണമായും മാനിച്ചുകൊണ്ടാണ് ഇന്ത്യയിലെ കുടുംബ വ്യവസ്ഥയെ നിരീക്ഷിക്കുന്നത്. പിന്നെ, ആണുങ്ങൾ പറയും സ്ത്രീകൾ കേൾക്കും എന്നൊന്നുമുള്ള നിലപാട് അവർക്കില്ല. പരസ്പര ബഹുമാനവും ഇന്ത്യൻ സമൂഹത്തേക്കാൾ കൂടുതൽ യൂറോപ്യൻസിന് ഇടയിലുണ്ട്. തോന്ന്യവാസം കാട്ടിയാൽ മിണ്ടാതിരിക്കണം എന്നു പറയുന്നതാണോ ഭാരത സംസ്കാരം? പാരമ്പര്യ ജീനുകളോ...? ഹിഹിഹി...എനിക്കുവയ്യ.

****

അൽപ്പവസ്ത്രധാരിണികളായ നൂറുകണക്കിന് തരുണീമണികളെ വേശ്യാവേഷത്തിൽകണ്ടു എന്നു പറയുന്നതിലെ പൊരുൾ മനസിലാവുന്നില്ല സുഹൃത്തെ, അൽപ വേഷം ധരിച്ചു നടക്കുന്നവരൊക്കെ വേശ്യകളാന്നുള്ള കാഴ്ചപാട് മനോഹരം! എന്തിന്റെ പേരിലാണെങ്കിലും ശരി അവർക്ക് സംഘടിക്കാനുള്ള സ്വാതന്ത്ര്യം ഉണ്ട്. സംസ്കാരമുള്ള ആണുങ്ങളുടെ മുന്നിൽ അല്പവസ്ത്രധാരിയായ പെണ്ണിന് ധൈര്യമായി കടന്നുപോകാം. ഏതു വസ്ത്രം ധരിക്കണമെന്ന് തീരുമാനിക്കുന്നത് അവരാണ്.

****

ഒന്നാമത്തെ കാര്യം ഇവർ അല്പവസ്ത്രധാരിണികളല്ല. പുരുഷന്മാരും ധരിക്കുന്ന വേഷമാണിത്. പുരുഷന്റെ ജീൻസും ഭാരതീയമല്ലല്ലോ... പ്രശ്നം പുരുഷാധിപത്യമനസ്സുതന്നെ... കുറ്റം പാശ്ചാത്യർക്കും.. എന്തായാലും ഇന്ത്യയിലുള്ളത്ര സ്ത്രീപീഡനങ്ങൾ അവിടെയില്ല...

****

തനതായ സംസ്കാരം ഒരിടത്തും ഒരാൾക്കും പറ്റില്ല. (പറ്റും ആദിവാസികളുടെ ഇടയിൽ). കേരളത്തിന്റെ തനതായ സംസ്കാരത്തിൽ ജീവിക്കുന്നവരാണോ നമ്മൾ? കേരള സംസ്കാരം വച്ച് ആണുങ്ങളുടെ വസ്ത്രം മുണ്ടും തോർത്തും, പെണ്ണുങ്ങളുടെത് മുണ്ടും നെര്യതുമാണ്. സാരി പോലും കേരള ശൈലി അല്ല. എന്തായാലും ആ പഴയ വസ്ത്രധാരണത്തേക്കാൾ എന്തുകൊണ്ടും നല്ലതാണ് ജീൻസ് മറ്റും.

****

യഥാർത്ഥ സ്ത്രീസ്വാതന്ത്ര്യം വേശ്യകളെ തെരുവിലിറക്കുകയാണെന്ന മണ്ടത്തരത്തോട് യോജിക്കാത്തതിനെ അസഹിഷ്ണുതയെന്നു വിളിച്ചാൽ, വിളിച്ചുകൊള്ളൂ എന്നു പറയേണ്ടിവരും... ചുണ്ടിൽ ലിപ്സ്റ്റിക്കും അൽപ്പവസ്ത്രവും ധരിച്ച് കാനഡയിലെ പെണ്ണുങ്ങൾ നടത്തിയ പേക്കൂത്തിനെ പിന്തുണച്ച് നടത്തിയ പരിപാടി ഒരു പരിഗണനയും അർഹിക്കുന്നില്ല... അവർക്കിഷ്ടമുള്ളത് അവർ ഇട്ടോട്ടെ ഇടാതിരുന്നോട്ടേ... വലിയ സംഭവമാക്കണോ അതിനെ... അതും വേശ്യാനടത്തം എന്ന പേരിൽ...?

****

എന്തിനു കൂട്ടത്തിൽ വേശ്യകളെ, അല്ല, ലൈംഗികതൊഴിലാളികളെ കുറ്റപ്പെടുത്തുന്നു... അവർ ഈ സമൂഹത്തിന്റെ ഉല്പന്നം മാത്രം. പിന്നെ സ്ലട്ട് വാക്കും അതുമായി എന്തു ബന്ധം.... സ്ലട്ട് വാക്ക് സ്വാതന്ത്ര്യപ്രഖ്യാപനമാണ്...

****

അവർ ഉയർത്തിപ്പിടിച്ചിരിക്കുന്ന പ്ലക്കാർഡുകൾ ഇപ്പോഴാണ് ശ്രദ്ധിച്ചത്. ഒരു സ്ത്രീ ധരിക്കുന്ന വസ്ത്രം തങ്ങൾക്കു അവളെ പീഡിപ്പിക്കാനുള്ള ലൈസെൻസ് ആണെന്ന് കരുതുന്ന ആൺകൊയ്മകൾക്കുള്ള താക്കീതാണ്. പിന്നെ ഈ നടത്തത്തിന്റെ പേര് എന്തായാലും അത് സ്ത്രീകൾക്ക് നേരെയുള്ള അതിക്രമങ്ങൾക്കെതിരെയുള്ളതാണ് എന്നാണ് എനിക്ക് മനസിലാക്കാൻ കഴിഞ്ഞത്... ഒരു സംഘം വിദ്യാർത്ഥികളും അധ്യാപകരുമാണ് അത് നയിക്കുന്നത് . സ്ത്രീകൾ വേശ്യകളെ പോലെ വസ്ത്രം ധരിക്കുന്നത് കൊണ്ടാണ് അവരെ പീഡിപ്പിക്കുന്നത് എന്ന വാദത്തിനെതിരെയാണ് അവർ പ്രകടനം നടത്തിയത്... ആ വാദത്തിനെതിരെ പ്രകടനം നടത്തേണ്ടത് തുണി ഉരിഞ്ഞു കൊണ്ടു തന്നെയാണ്.. പിന്നെ വേശ്യകൾ... അവർ ഈ സമൂഹത്തിന്റെ സൃഷ്ടികളാണ്.. വ്യവസ്ഥിതിയുടെ സൃഷ്ടികളാണ്...

****

നീ വാർത്ത മനസിലാക്കാതെ ഓരോന്ന് എഴുതി വയ്ക്കല്ലേ. മേയ് 24 നു നടന്ന സംഭവം ആണ് ഇതെന്നു വിശ്വസിക്കട്ടേ. ..? ഇതിൽ പങ്കെടുത്തത് ജെയ്പൂർ യൂണിവേഴിസിറ്റിയിലെ വിദ്യാർഥികളും അധ്യകരുമൊക്കെയാണ്. സ്ലട്ട്വാക്ക് എന്ന് കേട്ടതുകൊണ്ടുമാത്രം ഇതു വേശ്യകളുടെ മാർച്ച് ആണെന്നു പറയരുത്. പിന്നെ വസ്ത്രം ഏതു ധരിക്കണമെന്നൊക്കെ തികച്ചും വ്യക്തിപരമാണ്. അമേരിക്കൻ മോഡൽ

**സാമൂഹ്യസമ്മർദ്ദത്താൽ പ്രസാധനം ചെയ്യപ്പെടാതെ പോയ**
**'തന്തയ്ക്ക് പിറക്കാത്തവർക്കും പറയാനുണ്ട്' എന്ന പുസ്തകത്തിന്റെ**
**കൈയെഴുത്ത്പ്രതി വായിച്ചപ്പോൾ തോന്നിയത്**

# എഴുതപ്പെടാത്ത ജീവിതം
# തന്തയ്ക്ക് പിറക്കാത്തവൾക്കും പറയാനുണ്ട്

**തന്തക്കു** പിറന്നവരുടെ മാത്രം ലോകമിത്. തന്തക്കു പിറക്കാത്തവർക്കും ഇവിടെ ഇടം വേണ്ടേ. അവർക്കുമില്ലേ ഏറെ പറയാൻ? തന്തക്കുപിറന്നവരുടെ ലോകത്ത് അതിനുധൈര്യമില്ലാതെ ഒരു പെൺകുട്ടിയിതാ.

ഓർമ്മവെച്ചനാൾമുതൽ ജീവിതം അനാഥാലയത്തിൽ. കൂട്ടിനു ഒരുപാട് തന്തക്കു പിറക്കാത്തവർ. എല്ലാവരേയും മേച്ചുനടക്കാൻ ദൈവത്തിന്റെ മണവാട്ടിമാർ. അസംതൃപ്തിയുടേയും ഒടുങ്ങാത്ത ആസക്തികളുടേയും കൂമ്പാരങ്ങൾ. അവർക്കുമുന്നിൽ ഇരകളായി ഈ അനാഥജന്മങ്ങൾ. പീഡനങ്ങളുടെ ബാല്യം. ചിലർക്കൊക്കെ ചില സ്പോൺസർമാർ. ചിലർക്കു ചില അകന്ന ബന്ധുക്കൾ. മിക്കവർക്കും കൂട്ടായുണ്ടായിരുന്നത് മതിലിന്റെ വിള്ളലുകളിൽ തെളിയുന്ന പുറംലോകം. ഒരേ മതിൽക്കെട്ടിനകത്തുതന്നെ കോൺവെന്റ് സ്കൂൾ. തന്തക്കു പിറക്കാത്തവർക്ക് അവിടേയും അപമാനം മാത്രം. നന്നായി പഠിക്കുന്നതുപോലും കുറ്റമാകുന്ന അവസ്ഥ. പകരം അടിച്ചുവാരുക, തുടച്ചു വൃത്തിയാക്കുക, പാത്രം കഴുകുക... പത്രം മറിച്ചുനോക്കരുത്. ടി.വിയുടെ ശബ്ദം പോലും കേൾക്കരുത്. കേട്ടാൽ നശിച്ചുപോകും.

കീറാത്ത, മുഷിയാത്ത ഒരുടുപ്പ് സ്വപ്നം കണ്ടകാലം. ഒരു നല്ല നോട്ട് പുസ്തകം.. എന്തുകൊണ്ടിങ്ങനെ എന്നു ചിന്തിക്കാൻ പോലുമറിയില്ല. ഒന്നും പറഞ്ഞുതരാൻ ആരുമില്ല. എങ്ങനെയോ വളരുന്നു. എല്ലാം നിയന്ത്രിച്ചിരുന്നത് ബെല്ലുകൾ. പിന്നെ മണവാട്ടികളുടെ തുറിച്ചുനോക്കുന്ന കണ്ണുകൾ. എങ്ങനേയോ വലുതായി കൊണ്ടിരുന്നു. അപ്പോഴെല്ലാം കേട്ടത് ആണുങ്ങളെ കുറിച്ച്. അവരെ നോക്കരുത്. കേൾക്കരുത്. എവിടേയും വിലക്കപ്പെട്ട കനികൾ കാണും. അവ പറിക്കരുത്. പാപം ചെയ്യാൻ തോന്നരുത്. തോന്നിയാൽ പ്രാർത്ഥിക്കുക. ഇതെല്ലാം പറയുമ്പോഴും മണവാട്ടിമാരുടെ കണ്ണുകളിൽ കത്തിയിരുന്നത് എന്തായിരുന്നു എന്ന് അന്നു മനസ്സിലായില്ല. സൗന്ദര്യം അല്പം കൂടിയാൽ, വൃത്തിയായി നടന്നാൽ അതിൽപ്പരം കുറ്റമില്ല.

എങ്കിലും അനാഥാലയത്തിലേക്കു പലരും എത്തിയിരുന്നു. വികലാംഗർ, മാനസിക വിഭ്രാന്തിയുള്ളവർ, വിരൂപർ, കേറികിടക്കാൻ പീടികത്തിണ്ണ പോലുമില്ലാത്തവർ, തമിഴർ, ആദർശശാലികൾ.. ആവശ്യം കൂടെ കിടക്കാൻ ഒരാൾ. എത്രയും വേഗം ഓരോരുത്തരെ പറഞ്ഞുവിട്ട് കടമ പൂർത്തിയാക്കിക്കൊണ്ടിരുന്നു. ആരാണെന്നോ എവിടെനിന്നാണെന്നോ എന്താണ് പശ്ചാത്തലമെന്നോ അന്വേഷിക്കാൻ ആരുണ്ട്? എന്നാൽ ഉപദേശങ്ങൾ നിരവധി. പാപം ചെയ്യരുത്. നിർബന്ധമാണെങ്കിൽ സന്താനമുണ്ടാകാൻ മാത്രം. കാത്തിരിക്കുന്ന ദുരിതങ്ങളെ കുറിച്ചറിയാതെ യഥാർത്ഥമണവാട്ടികളായി വിടപറയുന്നവർ. എവിടേക്കോ? അനാഥാലയത്തിന്റെ മതിൽകെട്ടിന്റെ സുരക്ഷ പോലുമില്ലാത്ത ലോകത്തേക്ക്. പുറംലോകത്ത് എങ്ങനെ ജീവിക്കണമെന്നറിയില്ല. ദൈവത്തിന്റെ മണവാട്ടികൾ പറഞ്ഞുതന്നവ മാത്രമറിഞ്ഞ് എങ്ങനെ ജീവിക്കും. പീഡനങ്ങളുടെ അശാന്തികളുടെ അടുത്ത യുഗം. അവസാനം മാതൃത്വത്തിലേക്ക്, തെരുവിലേക്ക്, ലൈംഗികത്തൊഴിലിലേക്ക്, പീടികത്തിണ്ണകളിലേക്ക്.. ദാരിദ്ര്യത്തിലേക്ക്. വർഷത്തിലൊരിക്കൽ മാത്രം ഇവർക്കുമുന്നിൽ തുറക്കുന്ന പഴയ വാസസ്ഥലം. കൃത്യമായി എല്ലാവരുമെത്തും. എല്ലാം മറന്നു ഏതാനും മണിക്കൂറുകൾക്കായി. പിന്നെ അടുത്ത വർഷത്തിലേക്കുള്ള കാത്തിരിപ്പ്.

ആത്മകഥനങ്ങൾ സാഹിത്യമാണോ? അടുത്തകാലത്തു സാംസ്കാരികമേഖലയിൽ നടക്കുന്ന മുഖ്യസംവാദം. തീർച്ചയായും ഇതു സാഹിത്യമായി കാണാൻ നിങ്ങൾക്കു കഴിയില്ല. ഇതു സാഹിത്യമല്ല താനും. ജീവിതമാണ്. ഇനിയും മലയാളി കാണാത്ത പച്ചയായ ജീവിതം. തന്തക്കുപിറന്നവരെന്ന് ഊറ്റം കൊള്ളുന്നവർ സാഹിത്യത്തെ കുറിച്ച് ചർച്ച ചെയ്യുക. സംവാദങ്ങളും വിവാദങ്ങളും നടത്തുക. തന്തക്കു പിറക്കാത്തതിനാൽ ആത്മകഥനം പോലും സാധ്യമാകാതെ, അദൃശ്യരായി ഇവരിങ്ങനെ... ഈ ജീവിതങ്ങൾ എഴുപ്പെടാതെ പോകട്ടെ.

എന്നൊന്നും ഇതിനെ പറയണ്ട. അമേരിക്കയിൽ മാത്രമല്ല, ഇതിനുമുമ്പ് മുംബൈയിലും ഡൽഹിയിലും ഭോപ്പാലിലുമൊക്കെ ഇതു നടന്നിട്ടുണ്ട്. ഫ്രീ സെക്സും അഴിഞ്ഞാടലുമൊന്നും ആരും പറയുന്നില്ലല്ലോ? ഇതൊക്കെ ഏതു വാർത്തയിലാണ് വായിച്ചത്? ആഗോളവത്കരണ തിട്ടൂരമോ? ഹിഹിഹി...? സ്ത്രീകളോടു മോശമായി പെരുമാറി. അവർ പ്രതികരിച്ചു. അത്രതന്നെ. പണ്ട് ഇന്ത്യൻ സൈന്യം സ്ത്രീകളെ റേപ്പ് ചെയ്തപ്പോൾ ഇതുപോലെ പ്രതിഷേധം നടന്നു. സമാനമെന്നു പറയാനാകില്ലെങ്കിലും അതുപോലൊരു സംഭവമാണിത്.

****

പ്രതിഷേധായുധമായി സ്വന്തം ശരീരത്തെ സമീപകാലത്തായി ലോകം മുഴുവൻ ഉപയോഗിക്കുന്നു. അടുത്തയിടെ ഉക്രെയിനിൽ ഇന്ത്യൻ എംബസ്സിയിലേക്ക് സ്ത്രീകൾ അർദ്ധനഗ്നരായി കടന്നു വന്നു പ്രതിഷേധിച്ചു. ഉക്രെയിനിൽനിന്ന് സ്ത്രീകൾ ഇന്ത്യയിൽ വന്ന് സാമൂഹ്യവിരുദ്ധ പ്രവർത്തനത്തിൽ ഏർപ്പെടുന്നു എന്ന പ്രചരണത്തിനെതിരായിരുന്നു അവരുടെ പ്രതിഷേധം. മനോരമ എന്ന സ്ത്രീയെ ഇന്ത്യൻ പട്ടാളം ബലാൽസംഗം ചെയ്തു കൊന്നതിനെതിരെ മണിപ്പൂരിലെ സ്ത്രീകൾ നടത്തിയ സമരം പ്രസിദ്ധമാണല്ലോ...